**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** — **17-09-2025 - ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ) ബാംഗ്ലൂർ-കൊച്ചി വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന വ്യവസായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**ഉത്തരം**

(എ) നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായ IMC പാലക്കാടിൽ താഴെ പറയുന്ന ഇൻഡസ്ട്രികൾ ആണ് വിഭാവനം ചെയ്തിരിക്കുന്നത്.

| ക്രമ നമ്പർ | വ്യവസായങ്ങൾ | ഏക്കർ |
|---|---|---|
| 1 | ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസ് | 420 |
| 2 | ഹൈടെക് ഇൻഡസ്ട്രീസ് | 96.5 |
| 3 | നോൺ മെറ്റാലിക് മിനറൽ ഇൻഡസ്ട്രീസ് | 62.4 |
| 4 | ടെക്സ്റ്റയിൽ ഇൻഡസ്ട്രീസ് | 54.3 |
| 5 | റീസൈക്ലിങ് ഇൻഡസ്ട്രീസ് | 83.9 |
| 6 | ഫുഡ് ആൻഡ് ബിവറേജസ് | 171.18 |
| 7 | ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രോഡക്ടുകൾ | 52.94 |
| 8 | റബ്ബർ ആൻഡ് പ്ലാസ്റ്റിക് | 30.67 |

IMC പാലക്കാടിനെ സ്കൂൾ, ഹോസ്പിറ്റൽ, താമസ സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതു സൗകര്യങ്ങളും ഉൾപ്പെടുത്തി ഒരു മികച്ച ടൗൺഷിപ്പായി മാറ്റുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള സുസ്ഥിര വികസനപ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തു തന്നെ ഗ്രീൻബെൽറ്റിനും ജലസംരക്ഷണത്തിനും മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഭൂമി നീക്കി വെച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പാലക്കാട് ജില്ലയിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയെല്ലാമാണെന്നും നിലവിൽ എന്തെല്ലാം നടപടിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | നോഡ് 1 - ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (IMC) പാലക്കാട്, പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) എന്നീ മൂന്ന് ലാൻഡ് പാർസലുകളിലായി 1710 ഏക്കറിൽ വികസിപ്പിക്കും. ഏകദേശം ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ, ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടും.<br><br>സംസ്ഥാന സഹായ കരാറും (State Support Agreement (SSA)) ഓഹരി ഉടമ കരാറും (Shareholder agreement (SHA)) 2020 ഒക്ടോബർ 22-ന് ഒപ്പുവച്ചു. കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) നടപ്പാക്കുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് വേണ്ടി - നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) ഉം കേരള സർക്കാരിന് വേണ്ടി - KINFRA എന്നിവർ 50:50 ഓഹരി പങ്കാളിത്തത്തിൽ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KICDC) എന്ന സ്പെഷ്യൽ പർപസ് വെഹിക്കിൾ 2021 ഏപ്രിൽ 21-ന് രൂപീകരിച്ചു.<br><br>പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.<br><br>• **പി.എം.എൻ.സി/ഇ.പി.സി കോൺട്രാക്ടർ നിയമനം**<br>• <u>പി.എം.എൻ.സി</u><br>• പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി ടെൻഡർ 2024 ഡിസംബറിൽ ക്ഷണിച്ചു.<br>• 06.01.2025-ന് പ്രീ ബിഡ് മീറ്റിംഗ് നടത്തി.<br>• പങ്കെടുക്കുന്ന കൺസൾറ്റന്റ്മാർ പ്രോജക്ടിന്റെ പ്രസന്റേഷൻ 08.04.2025-ന് നടത്തി.<br>• പ്രോഗ്രാം മാനേജ്മെന്റ് കൺസൾറ്റന്റിനെ (Egis India Consulting Engineer Pvt Ltd consortium with Egis Villes and Transport) 02.05.2025-ന് നിയമിച്ചു.<br>• <u>ഇ.പി.സി കോൺട്രാക്ട്</u><br><br>താഴെ പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതമാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.<br><br>• റോഡുകൾ, |

| | | | |
|---|---|---|---|
| | | | • ജലവിതരണം,<br>• സീവേജ്, മലിനജല പുനരുപയോഗ ശൃംഖല,<br>• ജല ശുദ്ധീകരണ പ്ലാന്റ്,<br>• സീവേജ് സംസ്കരണ പ്ലാന്റ്,<br>• മലിനജല സംസ്കരണ പ്ലാന്റ്,<br>• പവർ സപ്ലൈ സിസ്റ്റം,<br>• ഖരമാലിന്യ സംസ്കരണം,<br>• ലാൻഡ്സ്കേപ്പ് വർക്കുകൾ,<br>• ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.<br>• GST ഉൾപ്പടെ 1324 കോടി രൂപയുടെ ദർഘാസ് 14.05.2025-ന് ക്ഷണിച്ചു.<br>• 05.06.2025-ന് പ്രീ ബിഡ് മീറ്റിംഗ് നടക്കുകയും അതിൽ 7 കോൺട്രാക്ടർമാർ പങ്കെടുക്കുകയും ചെയ്തു.<br><br>13.08.2025-ന് ടെൻഡർ തുറന്നപ്പോൾ 4 ബിഡ്ഡേഴ്സ് ടെൻഡർ സമർപ്പിച്ചു. ടെൻഡർ പരിശോധന നടപടികൾ പൂർത്തിയാക്കി സെപ്റ്റംബറിൽ കോൺട്രാക്ട് അവാർഡ് ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. ഈ കരാർ 42 മാസം കൊണ്ട് പൂർത്തിയാകുന്നതാണ്. ഐ.എം.സി പാലക്കാട് യാഥാർത്ഥ്യം ആകുമ്പോൾ പാലക്കാട് ഒരു ഇൻഡസ്ട്രിയൽ സ്മാർട്ട് ടൗൺഷിപ്പായി മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ